# കേരളസർവകലാശാല

നം.പി.ആർ.135/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം ഫെബ്രുവരിയിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017, 2018 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 8 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ ബി.ടെക്., ഡിസംബർ 2021 (2008 & 2013 സ്കീം) ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രായോഗിക പരീക്ഷ ജൂൺ 30 ന് കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ചും മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രായോഗിക പരീക്ഷ ജൂലൈ 5 ന് കൊല്ലം വടക്കേവിള യൂനസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ചും നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ., ബി.എസ്‌സി., ബി.കോം. (മേഴ്സിചാൻസ് – 2013 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ജൂലൈ 18 വരെയും 150 രൂപ പിഴയോടെ ജൂലൈ 21 വരെയും 400 രൂപ പിഴയോടെ ജൂലൈ 23 വരെയും ഓഫ്‌ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 ആഗസ്റ്റ്, 2022 ഏപ്രിലിൽ നടത്തിയ ഒന്ന് & ആറ് സെമസ്റ്റർ ബി.എസ്‌സി. സി.ബി.സി.എസ്. പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി.കാർഡും ഹാൾടിക്കറ്റുമായി 2022 ജൂൺ 29 മുതൽ ജൂലൈ 8 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.എസ്‌സി. റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.II – (രണ്ട്) ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല 2021 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി., 2021 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി ജൂൺ 29, 30, ജൂലൈ 1 തീയതികളിൽ ഇ.ജെ.X – (പത്ത്) സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി.കാർഡും ഹാൾടിക്കറ്റുമായി 2022 ജൂൺ 28 മുതൽ ജൂലൈ 7 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.എ.റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.V – (അഞ്ച്) ഹാജരാകേണ്ടതാണ്.

## അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ (APGDEC) - അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല ഇംഗ്ലീഷ് പഠനവിഭാഗം നടത്തുന്ന “അഡ്വാൻസ്ഡ് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്മ്യൂണിക്കേഷൻ” (APGDEC) പാർട്ട്ടൈം സായാഹ്ന കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: അംഗീകൃത സർവകലാശാ ലയിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം, ഫീസ്: 8175+പരീക്ഷാഫീസ്, കാല യളവ്: ഒരു വർഷം (തിങ്കൾ മുതൽ വെള്ളി വരെ വൈകിട്ട് 5.30 മുതൽ 7.30 വരെ). താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് സർവകലാശാല ക്യാഷ് കൗണ്ടറിലോ ഓൺലൈ നായോ മുപ്പത് രൂപ ഒടുക്കിയ ചെലാൻ ഇംഗ്ലീഷ് പഠനവകുപ്പിൽ സമർപ്പിച്ച് അപേ ക്ഷാഫോം കൈപ്പറ്റാവുന്നതാണ്. അപേക്ഷകൾ ജൂലൈ 11 വരെ ഇംഗ്ലീഷ് പഠനവകുപ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം,
28.06.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**